# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവൺമെന്റ് ഹൈസ്കൂൾ പേരിയ

## 2025 - 2026



# സ്കൂൾ ചരിത്രം

വയനാടിന്റെ പടിഞ്ഞാറ് തവിഞ്ഞാൽ പഞ്ചായത്തിൽ കണ്ണൂർ ജില്ലയോട് ചേർന്ന് കിടക്കുന്ന പേരിയ ഗ്രാമം .വില്യം ലോഗന്റെ മലബാർ മാന്വലിൽ വയനാട്ടിലെ പേരിയയെക്കുറിച്ചു സൂചിപ്പിക്കുന്നത് കൊണ്ട് തന്നെ ബ്രിട്ടീഷുകാരുടെ വരവിനു മുൻപ് തന്നെ പേരിയക്കു ആ പേര് വന്നിട്ടുണ്ട് എന്ന് അനുമാനിക്കാം.

ടിപ്പു സുൽത്താന് മൈസൂറിനേയും കണ്ണൂരിനെയും ബന്ധിപ്പിക്കാൻ വേണ്ടി കുതിരവണ്ടിപ്പാത നിർമ്മിച്ചതോടെയാണ് വഴി എന്നർത്ഥം വരുന്ന 'പെരിയ ' എന്ന പദത്തിൽ നിന്നും പേരിയ എന്ന പേരുണ്ടായത് എന്ന് കരുതുന്നു.

പെരിയക്കാർക്കു വിദ്യാഭ്യാസം നൽകുന്നതിന് വടക്കേ മലബാർ വിദ്യാഭ്യാസ ഓഫീസറുടെ 29/07/1942 ലെ L-D-1-S-133/എൽ /42 ഉത്തരവ് പ്രകാരമാണ് 1942 ഡിസംബർ 2 നു അമ്പിലാദി അമ്മദ് ഒന്നാം നമ്പർ കുട്ടിയായി പ്രവേശിക്കപ്പെട്ടു വിദ്യാലയം ആരംഭിച്ചു .മുണ്ടോളി കുഞ്ഞിരാമൻ നായരായിരുന്നു പ്രധാന അധ്യാപകൻ .അങ്ങിനെ 8കുട്ടികളും ഒരധ്യാപകനുമായി പഞ്ചായത്തു ബോർഡ് സ്കൂൾ പ്രവർത്തനം ആരംഭിച്ചു .പേരിയ 35 ൽ ഇന്ന് സ്കൂൾ കണ്ടി എന്നറിയപ്പെടുന്ന അമ്പിലാദി ചൊക്രുവിന്റെ സ്ഥലത്തു നാട്ടുകാരുടെ സഹായത്തോടെ മടലകൊണ്ടു മറച്ചു ചെറ്റകൊണ്ടു ബലപ്പെടുത്തിയ സ്കൂളിൽ പേരിയക്കാർ ജാതിഭേദമന്യേ പഠനം ആരംഭിച്ചു.

സ്കൂൾ പ്രവർത്തിക്കാനാവശ്യമായ സ്ഥലം പേരിയയിലെ ജന്മിയായ മാവിലവീട്ടിൽ കണ്ണൻ നായർ സൗജന്യമായി നൽകിയ സർവ്വേ നമ്പർ 42 ൽ ഇന്ന് യു പി സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാറ്റപ്പെട്ടു .അന്നത്തെ പൗരപ്രമുഖരുടെ പ്രവർത്തനഫലമായി താൽക്കാലിക

ഷെഡ് നിർമ്മിക്കുകയും ചുരുങ്ങിയ കാലംകൊണ്ട് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനം ആരംഭിക്കുകയും ഒരു വർഷം കൊണ്ട് സ്ഥിരം കെട്ടിടം സജ്ജമാവുകയും ചെയ്തു.

നാട്ടുകാരുടെയും പൗരപ്രമുഖരുടേയും നിരന്തര ശ്രമത്തിന്റെ ഫലമായി പഞ്ചായത്തു ബോർഡ് സ്കൂൾ 1981 സർക്കാർ ഏറ്റെടുത്തു അപ്പർ പ്രൈമറിയായി ഉയർത്തി .നാട്ടുകാരിൽ നിന്നും പണം പിരിച്ചു സെന്റ് സ്ഥലം വാങ്ങി .നാട്ടുകാരുടെ കഠിനശ്രമത്താൽ യു പി സ്കൂളിന്റെ കെട്ടിടനിർമാണം പൂർത്തിയായി .മൂന്നു പതിറ്റാണ്ടു കാലത്തെ നീണ്ട കാത്തിരിപ്പിനു ശേഷം പേരിയക്കാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം സ്വന്തം ഗ്രാമത്തിലായി.

മുൻകാല PTAപ്രെസിഡന്റുമാർ ,നാട്ടുകാർ ,ഹെഡ്മാസ്റ്റർ ,അധ്യാപകർ എന്നിവരുടെ നിരന്തര ശ്രമഫലമായി MLA, Kകുഞ്ഞിരാമന്റെ ശുപാർശ പ്രകാരം RMSA എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 16-11-2010സ .ഉ(എം.എസ്) നമ്പർ 238/2010പൊ.വി പ്രകാരം 2011 ൽ പേരിയ ഗവണ്മെന്റ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു . 2011 ജൂൺ മാസത്തിൽ തന്നെ 8,9,10 ക്ലാസ്സുകളിൽ അധ്യയനം ആരംഭിച്ചു .ശ്രീ പ്രകാശൻ കെ ഹെഡ്മാസ്റ്റർ ഇൻ ചാർജും അദ്ദേഹമുൾപ്പെടെ 6 അധ്യാപകരുമാണ് സ്കൂൾ ആരംഭത്തിൽ ഉണ്ടായിരുന്നത് .PTA, അധ്യാപകർ, നാട്ടുകാർ ,കുട്ടികൾ എന്നിവരുടെ സഹകരണത്തോടെ നിർമിച്ച താത്കാലിക ഷെഡിലാണ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത് .
നാട്ടുകാരുടെയും സുമനസുകളുടെയും സഹായത്തോടെ സ്കൂളിനാവശ്യമായ സ്ഥലമെടുപ്പിനായി 14 ലക്ഷം രൂപ സമാഹരിച്ചു. പേരിയ വില്ലേജിൽ ചമന്ദാട്ടുകുന്നിൽ പുൽമലയിലെ 1 ഏക്കർ 50 സെന്റ് സ്ഥലം റി .സ .നമ്പർ 12/1A ഗവണ്മെന്റിലേക്കു

നല്കിയതായുള്ള രേഖയുടെ റെജിസ്ട്രേഷൻ മാനന്തവാടി സബ് രജിസ്ട്രാർ ഓഫിസിൽ നടത്തുകയും ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമാണം ആരംഭിക്കുകയും ചെയ്തു.

2/3/2014 ൽ സ്കൂൾ കെട്ടിടത്തിന്റെ തറക്കല്ലിടൽ നടത്തുകയും MLA ഫണ്ടിന്റെയും ജില്ലാപഞ്ചായത്തു സഹായത്തോടെയും നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും MSDP പദ്ധതി പ്രകാരം അനുവദിച്ച തുക കൊണ്ട് 9 മുറികളുള്ള 3 നില കെട്ടിടം 2014 ആഗസ്റ്റിൽ നിർമാണം ആരംഭിച്ചു 2014 ഡിസംബറിൽ പൂർത്തീകരിച്ചു.

2013-14 ലെ ജനകീയാസൂത്രണം പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലെറ്റുകളും മറ്റു സാഹചര്യങ്ങളും ഒരുക്കി. 2015 ജനുവരി 12 നു പേരിയ ഗവൺമെന്റ് ഹൈസ്കൂളിന്റെ സ്വപ്ന സാക്ഷാത്ക്കാരമായ പുതിയ കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ .പി കെ അബ്ദുറബ് ഉദ്ഘാടനം ചെയ്തു .തുടർന്ന് PTAഭാരവാഹികളുടെയും നാട്ടുകാരുടെയും അവസരോചിതമായ ഇടപെടലുകളിലൂടെ സൗകര്യങ്ങൾ വർധിപ്പിക്കുകയും പരിമിതികൾക്കിടയിലും ജില്ലയിലെ മികച്ച ഒരു വിദ്യാലയമായി പേരിയ ഗവണ്മെന്റ് ഹൈസ്കൂൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : വയനാട്
സ്കൂൾ കോഡ് : 15074
സ്കൂളിന്റെ പേര് : GHS പേരിയ
മേൽവിലാസം : പേരിയ പോസ്റ്റ്

വയനാട് ജില്ല
670644

ഇമെയിൽ അഡ്രസ് : hmghsperiya@gmail.com
ഗ്രാമപഞ്ചായത്തു : തവിഞ്ഞാൽ
വിദ്യാഭ്യാസ ജില്ല : വയനാട്
സബ്ജില്ല : മാനന്തവാടി
ക്ലാസ് : 1മുതൽ 10വരെ
മാനേജ്മന്റ് : സർക്കാർ
പഠന മാധ്യമം : മലയാളം & ഇംഗ്ലീഷ്

# പേരിയ സ്കൂൾ ഇന്ന്

1 മുതൽ 10വരെ മലയാളം / ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലായി 900ത്തോളം വിദ്യാർഥികൾ പഠിച്ചു വരുന്നു . 25-30 % കുട്ടികൾ പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ് .പരിമിതികൾ പലതുണ്ടെങ്കിലും സംസ്ഥാനത്തെ മികച്ച വിദ്യാലയമായി നിലനിന്നു പോരുന്നു .

തുടർച്ചയായ വർഷങ്ങളിൽ 100% വിജയം SSLC പരീക്ഷക്ക് നേടിയെടുക്കുവാനും പലവർഷങ്ങളിലും ST വിഭാഗത്തിൽ നിന്നും മുഴുവൻ വിഷയത്തിലും A+ നേടിയ വിദ്യാർത്ഥികളും പേരിയ സ്കൂളിനുണ്ട് . കലാകായിക ശാസ്ത്ര മേളകളിലും പേരിയ സ്കൂൾ അവരുടേതായ മികവുകൾ കാഴ്ചവെച്ചിട്ടുണ്ട്.

# നേട്ടങ്ങൾ

- വർഷങ്ങളായി 100% വിജയം SSLCപരീക്ഷയിൽ നേടുന്നുണ്ട്
- NMMS,LSS,USS,സംസ്കൃതം സ്കോളർഷിപ്പുകൾ എല്ലാ വർഷവും ലഭിക്കുന്നുണ്ട്
- SSLC പരീക്ഷയിൽ ഒട്ടുമിക്ക വിഷയങ്ങളിലും സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ശതമാനം ലഭിക്കുന്നുണ്ട്
- കുട്ടികൾ സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുകയും ഗ്രേഡുകൾ നേടുകയും ചെയ്യുന്നു
- മികച്ച ലൈബ്രറി സൗകര്യം പ്രവർത്തിക്കുന്നു

# പരിമിതികൾ

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാൽ തന്നെ പലപ്പോഴും സാമ്പത്തിക പ്രതിസന്ധികൾ നേരിടാറുണ്ട്
- കായിക പരിശീലനം നല്കാൻ കളിസ്ഥലം ഇല്ല എന്നത് പ്രധാന പരിമിതിയാണ്
- LP,UP വിഭാഗവും HS വിഭാഗവും 750 മീറ്ററോളം ദൂരം ഉള്ളത് അഡ്മിനിസ്ട്രേഷന് വിഷമമാണ്
- ഹൈടെക് ക്ലാസ് മുറികളുടെ പരിമിതിയുണ്ട്

# ഈ അക്കാദമിക വർഷത്തെ പ്രത്യേക ലക്ഷ്യങ്ങൾ

- കളിസ്ഥലം
- യങ് ഇന്നൊവേറ്റീവ് പ്രോഗ്രാം
- സ്പോക്കൺ ഇംഗ്ലീഷ്
- മലയാള ഭാഷ ശേഷി വികസനം
- A+ കളുടെ എണ്ണം വർധിപ്പിക്കുക
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- വായനശേഷി വർധിപ്പിക്കൽ
- ശാസ്ത്ര പോഷിണി പരിപാടി
- ലബോറട്ടറി വികസനം
- പ്രതിഭ പോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവ ഉദ്യാനം ഒരുക്കൽ
- സ്കോളർഷിപ് പരീക്ഷ പരിശീലനം
- പഠന യാത്രകൾ
- സ്കൂൾ മാസിക
- അധ്യാപക ശാക്തീകരണം ( SRG തലം)
- പ്രവർത്തി പരിചയ പരിശീലനം
- കല പരിപോഷണം
- പച്ചക്കറി തോട്ടം

- സാഹിത്യ ശില്പശാലകൾ
- ദിനാചരണങ്ങൾ
- കായികശേഷി വികസനം
- ചിത്ര രചന ക്യാമ്പ്
- ക്ലബ്ബുകളുടെ ശാക്തീകരണം

# മേഖല -ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|
| ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | പ്രീടെസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | നോട്ട് ബുക്ക്, ചാർട്ട് | | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്വിസ്, ജോമെട്രിക് ചാർട്ട്, ഗണിതപ്പൂക്കളം, പതാകനിർമ്മാണം, പതിപ്പുകൾ, ഗണിതം പ്രകൃതിയിൽ, സെമിനാർ, കുസൃതിക്കണക്കുകൾ ശേഖരണം, | ഹ്രസ്വകാലം | ചാർട്ട് പേപ്പർ, ഫെവിക്കോൾ, സെലോടേപ്പ്കത്രിക,കളർ പേപ്പർ. | 7000 ടീച്ചേഴ്സ് ഗ്രാന്റ് &PTA | ഗണിതശാസ്ത്ര വിദഗ്ദർ |

| | | | | | |
|---|---|---|---|---|---|
| | ഗണിതമാഗസിൻ, ഗണിതക്ലബ് പ്രവർത്തനങ്ങൾ,ഗണിത അസംബ്ലി. | | | | |
| ICT സാധ്യതയിലൂടെയുള്ള പഠനം | സമഗ്ര റിസോഴ്സ് ജിയോജിബ്രാ, മാത്സ് പാഡ് ഉപയോഗിച്ച് ഗണിത പഠനം | ദീർഘകാലം | | | |
| ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിതകളികൾ, മത്സര പരീക്ഷ തുടങ്ങിയവയിലൂടെ | തുടർപ്രവർത്തനം | | PTA | |
| ബീജഗണിതം ആസ്വാദ്യമാക്കൽ | വേദിക് മാത്തമാറ്റിക്സ്, ലീലാവതി, നിത്യജീവിത്തിലെ അനുഭവങ്ങളിലൂടെ ബീജഗണിതത്തിലേക്ക് | ഹ്രസ്വകാലം | | | |
| പരീക്ഷ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം, ഓപ്പൺ ബുക്ക് ടെസ്റ്റ് പേപ്പറുകൾ, സ്വയം വിലയിരുത്തൽ | | A4 പേപ്പർ | PTA | |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | | | അദ്ധ്യാപകർ, സംഘ തലവൻ |
| ഗണിതമത്സര വേദിയിലേക്ക് | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങളിലൂടെ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | | | അദ്ധ്യാപകർ, ക്ലബ്ബ് സെക്രട്ടറി |

# മേഖല -ഭൗതിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | പാഠങ്ങളുമായി ബന്ധപ്പെട്ട് പരീക്ഷണം | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ |
| അന്വേഷണം നടത്തുകയും വിശകലനം ചെയ്യാനുമുള്ള ശേഷി നേടുന്നു | ശാസ്ത്ര ശില്പശാല സെമിനാർ പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | സയൻസ് ക്ലബ് |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ |
| അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ, നേരറിവ് നേടൽ | സമ്പൂർണ പ്ലാസ്റ്റിക് നിരോധിച്ച ക്യാമ്പസ് ശാസ്ത്രകാരൻമാരുമായി സംവദിക്കൽ സംസ്ഥാന ദേശീയ തരത്തിലുള്ള ക്വിസ്, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | രക്ഷിതാക്കൾ, മാനേജ്മെന്റ് |

# മേഖല - സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | ഏജൻസി / സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | **ബുള്ളറ്റിൻ ബോർഡ്**<br><br>എല്ലാ കുട്ടികൾക്കും, കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ് എസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ വാർത്തകൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് | പി.ടി.എ |
| സ്ഥലം, സ്ഥാനനിർണയം എന്നിവയിൽ താൽപര്യം ഉണ്ടാക്കൽ | **ഭൂപട വായന**<br><br>ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിച്ച വാർത്ത പ്രാധാന്യമുള്ള സ്ഥലങ്ങൾ മാപ്പിൽ അടയാളപ്പെടുത്തൽ | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് | |
| ജീവിതത്തെ ആത്മവിശ്വാസത്തോടെ നേരിടാൻ പ്രാപ്തി ഉണ്ടാക്കിയെടുക്കൽ | **വണ്ടർ ലൈഫ്**<br><br>ഇൻസ്പിരേഷണൽ ആയ കായിക താരങ്ങളുടെ ജീവിതകഥ അസംബ്ലിയിൽ അവതരിപ്പിക്കൽ | ജൂലൈ – ആഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| വിശ്വപൗരൻ എന്ന ബോധം ഉണ്ടാക്കിയെടുക്കൽ | **ഒളിംമ്പിക് ആൽബ നിർമ്മാണ മത്സരം** | ജൂലൈ മാസം | സോഷ്യൽ സയൻസ് ക്ലബ് | |
| അടിസ്ഥാന പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | **വിജ്ഞാന ചെപ്പ്**<br><br>ആഴ്ചയിൽ ഒരിക്കൽ അഞ്ച് ചോദ്യങ്ങൾ പ്രദർശിപ്പിക്കൽ ഉത്തരങ്ങൾ കണ്ടെത്തൽ മാസത്തിലൊരിക്കൽ മെഗാ ക്വിസ് | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് | |
| വൻകരകളും രാജ്യങ്ങളും പരിചയപ്പെടൽ | **രാജ്യ പരിചയം**<br><br>ഒളിമ്പിക്സിൽ പങ്കെടുക്കുന്ന രാജ്യങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ | ജൂലൈ മാസം | സോഷ്യൽ സയൻസ് ക്ലബ് | |
| കുട്ടികളിൽ അവതരണ ശേഷി, ആത്മ വിശ്വാസം എന്നിവ വളർത്തൽ | **സ്കൂൾ റേഡിയോ -**<br><br>ന്യൂസ് @ പേരിയ | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് | പി.ടി.എ |
| ദേശസ്നേഹം വളർത്തിയെടുക്കുക സ്വാതന്ത്ര്യ സമര നേതാക്കന്മാരെദേശീയ നേതാക്കളെയും സ്വാതന്ത്ര്യസമര സേനാനികളെയും പരിചയപ്പെടുക | **ജയ് ഹിന്ദ്**<br><br>സ്വാതന്ത്ര്യ സമര സേനാനികളുടെ ഫോട്ടോ തയ്യാറാക്കി ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുക. | ആഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ് | പി.ടി.എ |

# മേഖല -സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|---|
| സംസ്കൃത ദിനാചരണം | സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ. | | |
| സംസ്കൃത അസംബ്ലി | വിവിധ ദിനാചരണങ്ങളോട നുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ. | | |
| വിവിധ മത്സരങ്ങൾ | കഥാരചന, കവിതാരചന,ഉപന്യാ | അക്കാദമിക വർഷം | സംസ്കൃത ക്ലബ് |

| | | | |
|---|---|---|---|
| | സ രചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ. | | |
| ഐടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ | സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ,ഡോക്യു മെൻററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷം | സംസ്കൃത ക്ലബ് |

# മേഖല ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ , ജുലൈ |

| | | |
|---|---|---|
| കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | | |
| നാമം, സർവനാമം , വിശേഷണം എന്നിവ മനസിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകി അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. പോസ്റ്ററിന്റ മോഡൽ നൽകുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദന കുറിപ്പ് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഓഗസ്റ്റ്, സെപ്റ്റംബർ |
| സാഹിത്യഭിരുചി വളർത്തുക. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുന്നു | പദ്യം ചൊല്ലൽ , കഥ, കവിത, പോസ്റ്റർ നിർമാണം എന്നിവ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ നൽകി കഥാപാത്രങ്ങളെ ആസ്വദമാക്കി ചരിത്ര കുറിപ്പ് തയാറാക്കുന്നു | നവംബർ ജനുവരി |

# മേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് വൊക്കാബുലറി ,ഇംഗ്ലീഷ് ഫിലിം പ്രദർശനം | ശനിയാഴ്ചകൾ | പിടിഎ ആൻഡ് ടീച്ചേഴ്സ്. | പിടിഎ മാനേജ്മെൻറ് ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെൻറ് |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക. | സിനിമ and ഡോക്യുമെൻററി പ്രൊഫൈൽ ആൻഡ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് എസ് ആർ ജി. | പിടിഎ, ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | | | |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്. പിടിഎ |
| നാടകീരണം | ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ്, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം. | പിടിഎ എസ് ആർ ജി ടീച്ചേഴ്സ്. | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| കവിതാലാപന ത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു, ബുക്ക് റിവ്യൂസ്, രചനകളുടെ പ്രദർശനം( magazine). | ക്ലാസ് റൂം പ്രവർത്തന ങ്ങൾ | ഇംഗ്ലീഷ് ക്ലബ്ബ്. | ഇംഗ്ലീഷ് ക്ലബ്ബ് |
| സാങ്കേതിക വിദ്യാസാധ്യതക ൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടു ത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും, വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | ക്ലാസ് പ്രവർത്തന ങ്ങൾക്കൊ പ്പം ശനിയാഴ്ചക ൾ വർഷത്തിൽ മൂന്ന് പ്രാവശ്യം | ടീച്ചേഴ്സ് എസ് ആർ ജി. | പിടിഎ, എസ് ആർ ജി മാനേജ്മെൻറ്. |

# മേഖല – മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | *അക്ഷരം ഉറപ്പിക്കുക.<br>*ചിഹ്നം ഉറപ്പിക്കുക<br>*പദ നിർമാണം<br>*വാക്യ നിർമാണം | 1 വർഷം | മലയാളം അധ്യാപകർ |
| തടസ്സമില്ലാതെ ഭാഷ എഴുതാനും വായിക്കാനും സാധിക്കുക.<br><br>സ്വതന്ത്ര വായനയ്ക്ക് തയ്യാറാക്കുക. | *ക്ലാസിൽ വായനാകൂട്ടം നിർമിക്കുക.<br>*ക്ലാസ് ലൈബ്രറി.<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ശേഖരിക്കൽ<br>*ജന്മദിന പുസ്തക<br>*പത്രവായന | 6 മാസം | മലയാളം അധ്യാപകർ |
| പത്രവായന പരിപോഷിപ്പിക്കുക. | *ഓരോ ക്ലാസിലും ഒരു പത്രം.<br>*രാവിലെ പ്രധാനവാർത്തകളുടെ അവതരണം.<br>*പത്രക്വിസ് | എല്ലാ ദിവസവും | അധ്യാപകനും വിദ്യാർത്ഥികളും |
| സർഗശേഷി വികസനം | *വായനാനുഭവം പങ്കുവെക്കുക.<br>*സാഹിത്യ ക്വിസ്<br>*കവിതാലപന മത്സരം<br>പുസ്തക ചർച്ച | വർഷത്തിൽ ഒന്ന് | അധ്യാപകൻ |

| | | | |
|---|---|---|---|
| | *കലാകാരനുമായി എഴുത്തുകാരനുമായി സംവദിക്കൽ<br>*വായനയിൽ രചിതാക്കളും | | |
| ദിനാചരണങ്ങൾ - ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനങ്ങൾ ആചരിക്കൽ. | പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളായി നൽകൽ<br>ബഷീർ ദിനം | ജൂൺ മുതൽ മാർച്ച് വരെ | SRG |

# മേഖല ബയോളജി

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യം ,ശുചിത്വം | മഴക്കാല ശുചീകരണം, - ഡ്രൈ ഡേ ആചരണം മാലിന്യ സംസ്കരണം - പ്ലാസ്റ്റിക്, പേപ്പർ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കൽ പെൻ ബൂത്തുകൾ | മെയ് അവസാനവാരം മുതൽ | എക്കോ ക്ലബ്, ഹെൽത്ത് ക്ലബ്, JRC,PTA,സന്നദ്ധ സംഘടനകൾ | PTA- 2000/- |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കുക,പ്ലാസ്റ്റിക് ഉപയോഗിച്ചു ഗാർഡൻ | | | |
| ദിനാചരണം | പരിസ്ഥിതി ദിനം - വൃക്ഷത്തൈ നടൽ ,ക്വിസ് ,പോസ്റ്റർ നിർമാണം | ജൂൺ മാസം | ഹെൽത്ത് ക്ലബ്, ചാർജുള്ള അധ്യാപകർ | |
| കൗമാര വിദ്യാഭ്യാസം | ടീൻസ് ക്ലബ്ബ് രൂപീകരണം<br>-ക്ലബ്ബിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുമായി ഒരു മഴ നടത്തം. | ജൂലൈ | ടീൻസ് ക്ലബ്ബ്, നോഡൽ ടീച്ചർ | ടീൻസ് ഫണ്ട്- 500/- |
| ശാസ്ത്രമേള | സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിച്ച് ജീവശാസ്ത്രപരമായ വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | ആഗസ്റ്റ് | സയൻസ് അധ്യാപകർ | ആക്ടിവിറ്റി ഫണ്ട് |

| | | | | |
|---|---|---|---|---|
| ശാസ്ത്രമേള | സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിച്ച് ജീവശാസ്ത്രപരമായ വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | ആഗസ്റ്റ് | സയൻസ് അധ്യാപകർ | ആക്ടിവിറ്റി ഫണ്ട് |
| ആരോഗ്യവും പോഷണവും | കൗമാരക്കാരുടെ ശാരീരിക സുസ്ഥിതിയെ പറ്റി ബോധവത്കരണ ക്ലാസ്സ് രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകുക | സെപ്റ്റംബർ | ടീൻസ് നോഡൽ ടീച്ചർ | ടീൻസ് ക്ലബ് ഫണ്ട്-500/- |
| കാർഷികം | എട്ടാം ക്ലാസ്സിലെ കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്താനായി ഔഷധ സസ്യകൃഷി ,പൂന്തോട്ട നിർമാണം ഇവ നടത്തുന്നു | ഒക്ടോബർ മുതൽ | ബയോളജി ടീച്ചർ, കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ദിനാചരണം | രക്തദാന ദിനം - ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് നടത്തുന്നു | ഒക്ടോബർ | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ് | |
| പ്രഥമ ശുശ്രുഷ | പ്രഥമ ശുശ്രൂഷയെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് അടുത്തുള്ള ഹെൽത്ത് സെന്റർ മായി ബന്ധപ്പെട്ട നൽകുന്നു. | നവംബർ | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ്,ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | |
| ദിനാചരണം | ലോക പ്രമേഹ ദിനം -പ്രമേഹ രോഗികൾക്കുള്ള ഭക്ഷണക്രമത്തിന് അനുയോജ്യമായ ആരോഗ്യകരമായ ഭക്ഷണപ്ലേറ്റ് നിർമിക്കുക ,ബോധവൽക്കരണ ക്ലാസ് | നവംബർ 14 | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ് | |

| | | | | |
|---|---|---|---|---|
| ലഹരി വിമുക്തി | ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് | നവംബർ | ടീൻസ് ക്ലബ് , ഹെൽത്ത് ക്ലബ് | |
| വ്യക്തി ശുചിത്വം | ടീൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളോടനുബന്ധിച്ച ക്ലാസ് നൽകുന്നു | നവംബർ | ടീൻസ് ക്ലബ് , ഹെൽത്ത് ക്ലബ് | |
| ദിനാചരണം | എയ്ഡ്സ് ദിനം - പത്താം വിദ്യാർത്ഥികൾ എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് എട്ടാം തരം വിദ്യാർത്ഥികൾക്കും ഒമ്പതാം തരം വിദ്യാർത്ഥികൾക്കും നൽകുന്നു | ഡിസംബർ 1 | ബയോളജി അധ്യാപകൻ, തിരഞ്ഞെടുത്ത പത്തിലെ വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| സാങ്കേതിക വിദ്യകളും സാധ്യതകളും അപകടങ്ങളും | ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ് നൽകുന്നു | ജനുവരി | | ടീൻസ് നോഡൽ ടീച്ചർ | ടീൻസ് ഫണ്ട്- **500/-** |

# 7. അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

മേഖല : **അക്കാദമികം**

ഉപ മേഖല: **ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>* ആശയ ധാരണകൾ ഉറപ്പിക്കൽ<br>* പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ /ഷിഫ്റ്റിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | * Science Club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>* Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം<br>* സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ, നിർമാണം) | ജൂൺ, യഥാസമയങ്ങളിൽ | അധ്യാപകർ, SRG Science Club | SMC, PTA<br>Rs:- 5000 |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>* ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>* ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന mobile lab kit | ആദ്യ ടേം | ശാസ്ത്രാധ്യാപകർ, SSC | SSA, RMSA<br>SRG<br>SMC, PTA<br>നഗരസഭ<br>Rs:- 30000 |
| 4 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | * സ്കൂൾ ക്യാമ്പസിൽ പഴം- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം<br>* ജൈവവൈവിധ്യ പാർക്ക്<br>* ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠ പുസ്തകം' ആയി മാറുന്നു. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ കർഷകർ, SMC, PTA |
| 5 | മാലിന്യമുക്ത - ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>* കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യ പരിശോധന<br>* ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്)<br>* വിവിധ ഡിവിഷനുകളിൽ/വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യ വകുപ്പ്<br>ICDS<br>മുനിസിപ്പാലിറ്റി |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | * സ്കൂൾ ശാസ്ത്ര മേള<br>* സ്കൂളിൽ ഒരു 'അനാട്ടമി പാർക്ക്' (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>* ശാസ്ത്രോപകരണ നിർമാണ ശില്പശാല .<br>* ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം<br>* ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക് (കൗതുകകരമായ പരീക്ഷണങ്ങൾ)<br>* ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം<br><br>ഹ്രസ്വ കാലം | ശാസ്ത്രാ ധ്യാപകർ | നഗരസഭ<br>SMC, PTA<br><br>Rs:- 10,000 |
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | * ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>* സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | ശാസ്ത്രാ ധ്യാപകർ | വിഷയ സമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര താൽപര്യമുണർത്താനും | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക .<br>* സ്പെസിമെൻ ശേഖരണം / നിർമാണം<br>* ശാസ്ത്രപ്പതിപ്പുകൾ , കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>* ശാസ്ത്ര പഠനയാത്രകൾ (ISRO, CUSAT, കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ ) | യഥാസമ യങ്ങളിൽ | ശാസ്ത്രാ ധ്യാപകർ | SMC, PTA<br>SSA, RMSA, DIET<br><br>Rs:- 25,000 |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യ ങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | * വാനനിരീക്ഷണവും ക്ലാസ്സും<br>* ജ്യോതിശ്ശാസ്ത്രസമസ്യകൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർ ത്തനങ്ങൾ | ഡിസംബ ർ<br>-ജനുവരി | ശാസ്ത്രാ ധ്യാപകർ | മുനിസിപ്പൽ ശാസ്ത്ര കേന്ദ്രം<br>SMC, PTA |
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | * പ്രതിഭകൾക്ക് പ്രത്യേക പരിശീലനം<br>(ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു)<br>* ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യവും<br>* വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ<br>* സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS, USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാ ധ്യാപകർ | SRG<br>Rs:- 6,000 |
| 11 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യകൾ) | *പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ് പ്പോഴും | ശാസ്ത്രാ ധ്യാപകർ | SITC, JSITC<br>KITE (IT@School)<br>SCERT |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യം : കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക**

**കായിക ഇനങ്ങളിൽ നൈപുണി സ്വായത്തമാക്കുക**

**ഉപമേഖല : കായികം ,ആരോഗ്യം**

**വിദ്യാർത്ഥികളുടെ സമ്പൂർണ ആരോഗ്യ കായിക വികസനത്തിനായി യോഗ , എയറോബിക് , സുമ്പ , വിവിധ ഇൻഡോർ , ഔട്ട് ഡോർ ഗെയിമുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.**

| മാസം | പ്രവർത്തനങ്ങൾ | ലക്ഷ്യം |
|---|---|---|
| ജൂൺ | യോഗ - ശ്വസന വ്യായാമങ്ങൾ , സൂക്ഷ്മ വ്യായാമങ്ങൾ | ശ്വസന ക്ഷമത മെച്ചപ്പെടൽ , മനസ്സിന്റെ ശാന്തത കൈവരിക്കൽ |
| ജൂലൈ | വിവിധ യോഗാസനങ്ങൾ | ശരിയായ ശരീര സംസ്ഥിതി |
| ഓഗസ്റ്റ് | മ്യൂസിക് ഉപയോഗിച്ചുള്ള ഏറോബിക്സ് ,സുമ്പ | ഹൃദയ ശ്വസന ക്ഷമത മെച്ചപ്പെടാൽ , ഉന്മേഷവും ഉത്സാഹവും വർധിക്കുക |
| സെപ്തംബർ | ഏറോബിക്സ് ,യോഗ , സുമ്പ എല്ലാ വിദ്യാർത്ഥികളും ഒരുമിച്ചു ചെയ്യുക | മുഴുവൻ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഗുണം ലഭിക്കുക |
| ഒക്ടോബർ | സ്കിപ്പിംഗ് പരിശീലനം | ഏകോപനം |
| നവംബർ | വോളീബോൾ അടിസ്ഥാന പരിശീലനം | സർവീസ് ,പാസ് മെച്ചപ്പെടുത്തുക |
| ഡിസംബർ | വോളിബാൾ തന്ത്രങ്ങൾ , കളികൾ പരിശീലനം | ടീം വർക്ക് , കളി , അച്ചടക്കം . |
| ജനുവരി | വോളീബോൾ ഇന്റർ സ്കൂൾ ടൂർണമെന്റ് | കുട്ടികളിൽ ടീം സ്പിരിറ്റ് വളർത്തുക |
| ഫെബ്രുവരി | വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ വിലയിരുത്തൽ | വിലയിരുത്തൽ |
| മാർച്ച് | അവലോകനം | |